**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6329** **10-11-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ നടപ്പാക്കിയ പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വിശദാംശം നൽകുമോ? | (എ) | വിനോദസഞ്ചാരമേഖലയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ 130 പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് നടപ്പിലാക്കിയത്. ഇവയുടെ ഭരണാനുമതി മൂല്യം മൊത്തം 423.23 കോടി രൂപയാണ്. ടി പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

വിനോദസഞ്ചാരമേഖലയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ 130 പ്രധാന അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി. ഇവയിൽ മുൻസർക്കാരുകളുടെ കാലത്തു ഭരണാനുമതി ലഭ്യമായവയും ഉൾപ്പെടുന്നു.

ഇവയുടെ ഭരണാനുമതി മൂല്യം മൊത്തം 423.23 കോടി രൂപയാണ്. ടി പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം താഴെ സൂചിപ്പിക്കുന്നു.

I. തിരുവനന്തപുരം ജില്ല – 17 പ്രധാന പദ്ധതികൾ - മൊത്തം 104 കോടി 97 ലക്ഷം രൂപ

1. തിരുവനന്തപുരം കോവളം വിനോദസഞ്ചാര കേന്ദ്ര - പ്രാദേശിക കുടിവെള്ളപദ്ധതി – ഭരണാനുമതി ലഭ്യമായത് – 12.03.2012- ൽ; ഭരണാനുമതി തുക : 14 കോടി രൂപ.
2. തിരുവനന്തപുരം കോവളം സൈലൻറ് വാലി - സൺ ബാത്ത് പാർക്ക്- – ഭരണാനുമതി ലഭിച്ചത് – 25.07.2013; ഭരണാനുമതി തുക – 04 കോടി 68 ലക്ഷം രൂപ.
3. തിരുവനന്തപുരം കോവളം ബീച്ചിന്റെയും പരിസര പ്രദേശത്തിന്റെയും വൈദ്യുതവത്കരണം.- ഭരണാനുമതി ലഭിച്ചത് – 01.10.2017; ഭരണാനുമതി തുക - 01 കോടി 24 ലക്ഷം രൂപ
4. വേളി ടൂറിസം വില്ലേജിന്റെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ - വേളി കുളവും പാർക്കും, കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ, സൗരോർജ വിളക്കുകൾ, സി.സി.ടി.വി. ക്യാമറകൾ, ഫ്ലോട്ടിങ് റെസ്റ്ററന്റ്, വിവിധോദ്ദേശ്യ ടൂറിസ്റ്റ് സൗകര്യ കേന്ദ്രം, ഇക്കോപാർക്ക് & ഷോർലൈൻ വികസനം ഒന്നാം ഘട്ടം, അർബൻ പാർക്ക് - ഒന്നാം ഘട്ടം, വേളി മിനിയേച്ചർ റെയിൽവേ എന്നീ ഒൻപതു പദ്ധതികൾ - ഭരണാനുമതി ലഭ്യമായത്: 21.06.2017- മുതൽ; ഭരണാനുമതി തുക: മൊത്തം ഒൻപതു പദ്ധതികളിലായി 26 കോടി 34 ലക്ഷം രൂപ
5. ശംഖുമുഖത്തെ ടൂറിസം വികസനം – തീരോന്മുഖ വികസനം - പാർക്കിംഗ്, ട്രാഫിക്, ആൻഡ് റീക്രീയേഷൻ ഹബ്, ഭാരതീയ വ്യോമസേനാ ഹെലികോപ്റ്റർ വിന്യാസം - ഭരണാനുമതി ലഭ്യമായത്: 19.10.2016-ൽ; ഭരണാനുമതി തുക: മൊത്തം 5 കോടി 50 ലക്ഷം രൂപയുടെ പ്രവൃത്തികൾ;
6. പൊന്മുടി ലോവർ സാനറ്റോറിയം വികസനവും സൗന്ദര്യവത്കരണവും - ഭരണാനുമതി ലഭ്യമായത്: 20.06.2017-ൽ; 2 കോടി 07 ലക്ഷം രൂപ;
7. ആക്കുളം ടൂറിസ്റ്റ് വില്ലജ് - രണ്ടാം ഘട്ട വികസനം - ഭരണാനുമതി ലഭ്യമായത്: 15.03.2017-ൽ; ഭരണാനുമതി തുക: 9 കോടി 34 ലക്ഷം രൂപ;
8. ഒരു വിനോദസഞ്ചാരകേന്ദ്രം എന്ന നിലയിൽ നെയ്യാർ ഡാമിന്റെ വികസനം - ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത്: 22.12.2015-ൽ; ഭരണാനുമതി തുക: 4 കോടി 65 ലക്ഷം രൂപ;
9. ചെമ്പഴന്തി ശ്രീനാരായണഗുരുകുലം കൺവെൻഷൻ സെന്റർ - ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത്: 01.10.2018-ൽ; ഭരണാനുമതി തുക: 09 കോടി 90 ലക്ഷം രൂപ;
10. ചെമ്പഴന്തി അണിയൂരിലെ തീർത്ഥാടക-വിനോദസഞ്ചാര വികസന പദ്ധതി - ഭരണാനുമതി ലഭ്യമായത്: 19.06.2017-ൽ; ഭരണാനുമതി തുക: 03 കോടി 00 ലക്ഷം രൂപ;
11. വെള്ളറടയിൽ തെക്കൻ കുരിശുമല തീർത്ഥാടക-വിനോദസഞ്ചാര പദ്ധതി - ഭരണാനുമതി ലഭ്യമായത്: 20.06.2017-ൽ; ഭരണാനുമതി തുക: 01 കോടി 08 ലക്ഷം രൂപ;
12. ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന നിലയിൽ കാപ്പിൽ ബീച്ചിന്റെയും ബോട്ട് ക്ലബ്ബിന്റെയും വികസനം - ഭരണാനുമതി ലഭ്യമായത്: 25.06.2013-ൽ; ഭരണാനുമതി തുക: 04 കോടി 09 ലക്ഷം രൂപ;

13. ശാസ്താംപാറ - വിനോദസഞ്ചാരകേന്ദ്ര വികസനം - ഒന്നാം ഘട്ടം- ഭരണാനുമതി ലഭ്യമായത്: 01.10.2018-ൽ; ഭരണാനുമതി തുക: 98.36 ലക്ഷം രൂപ;

14. കുളത്തൂർ കോലത്തുകര, മൺവിള എന്നീ ക്ഷേത്രങ്ങളിലെ തീർത്ഥാടക സഞ്ചാര സൗകര്യ കേന്ദ്രം - ഭരണാനുമതി ലഭ്യമായത്: 24.07.2017-ൽ; രണ്ടു പദ്ധതികളിലായി മൊത്തം ഭരണാനുമതി തുക: 03 കോടി 94 ലക്ഷം രൂപ;

15. ഒരു വിനോദസഞ്ചാര-തീർത്ഥാടക കേന്ദ്രം എന്ന നിലയിൽ മടവൂർപാറയുടെ വികസനം - ഭരണാനുമതി ലഭ്യമായത്: 26.09.2017-ൽ; ഭരണാനുമതി തുക: 07 കോടി രൂപ;

16. നെയ്യാറ്റിൻകര ഊരാറ്റിൻപുറത്ത് ഒരു റോക്ക് പാർക്ക് വികസിപ്പിക്കുന്നതിനുള്ള പദ്ധതി - ഭരണാനുമതി ലഭ്യമായത്: 15.03.2017-ൽ; ഭരണാനുമതി തുക: 02 കോടി 66 ലക്ഷം രൂപ;

17. കെടിഡിസി ഹോട്ടൽ ചൈത്രം നവീകരണം - ഭരണാനുമതി ലഭ്യമായത്: 25.06.2013-ൽ; ഭരണാനുമതി തുക: 04 കോടി 50 ലക്ഷം രൂപ;

II. <u>കൊല്ലം ജില്ല – 07 പ്രധാന പദ്ധതികൾ - മൊത്തം 09 കോടി 67 ലക്ഷം രൂപ</u>

1. കൊല്ലം ആശ്രാമം നടപ്പാതയുടെ ആധുനികവത്കരണവും മറ്റു സൗന്ദര്യവത്കരണവും - ഭരണാനുമതി ലഭ്യമായത്: 15.03.2017-ൽ; ഭരണാനുമതി തുക: 1 കോടി 50 ലക്ഷം രൂപ ;
2. കൊല്ലം മയ്യനാട്ടെ താന്നി ബീച്ച് വികസനം – ഭരണാനുമതി ലഭ്യമായത്: 19.10.2016-ൽ; ഭരണാനുമതി തുക: 68.40 ലക്ഷം രൂപ ;
3. കൊല്ലം ബീച്ച് വികസനം - ഭരണാനുമതി ലഭ്യമായത്: 28.08.2018-ൽ; ഭരണാനുമതി തുക:1 കോടി 57 ലക്ഷം രൂപ ;
4. കൊല്ലം മലമേല്പാറ വികസനം – ഭരണാനുമതി ലഭ്യമായത്: 25.03.2017-ൽ; ഭരണാനുമതി തുക: 3 കോടി രൂപ;
5. കൊട്ടാരക്കര പുലാമന്തോടിന്റെ പുനരുജ്ജീവനം — ഭരണാനുമതി ലഭ്യമായത്: 28.12.2018-ൽ; ഭരണാനുമതി തുക: 01 കോടി 47 ലക്ഷം രൂപ;
6. കൊല്ലം കല്ലട-കടപുഴ നദികളിലെ വിനോദസഞ്ചാര പദ്ധതി – ഭരണാനുമതി ലഭ്യമായത്: 10.01.2015-ൽ; ഭരണാനുമതി തുക: 01 കോടി രൂപ
7. ഇക്കോടൂറിസം പദ്ധതി - കൊല്ലം വെളിയം മുട്ടറയിലെ മരുതിമല ടൂറിസം പദ്ധതിയുടെ നിലവാരമുയർത്തൽ പദ്ധതി – ഭരണാനുമതി ലഭ്യമായത്: 20.03.2018-ൽ; ഭരണാനുമതി തുക: 44.86 ലക്ഷം രൂപ

III. <u>പത്തനംതിട്ട ജില്ല – 05 പ്രധാന പദ്ധതികൾ - മൊത്തം 05 കോടി 76 ലക്ഷം രൂപ</u>

1. പത്തനംതിട്ട കോന്നി ആന പ്രദർശനാലയം – ഭരണാനുമതി ലഭിച്ചത്: 20.05.2014; ഭരണാനുമതി തുക: 80 ലക്ഷം രൂപ;
2. പത്തനംതിട്ട അടവിയിലെ കുട്ടവഞ്ചി യാത്ര സൗകര്യം – ഭരണാനുമതി ലഭിച്ചത്: 11.12.2014; ഭരണാനുമതി തുക: 75 ലക്ഷം രൂപ;

3. സാമൂഹിക പ്രവർത്തകനും കവിയുമായ മൂലൂർ എസ്. പദ്മനാഭപ്പണിക്കരുടെ സ്മരണാർത്ഥം നിർമിക്കപ്പെട്ട പത്തനംതിട്ടയിലെ മൂലൂർ സ്മാരകം – 49 ലക്ഷം രൂപ;
4. വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ പത്തനംതിട്ട ആറന്മുളയുടെ വികസനം - 50 ലക്ഷം രൂപ;
5. പത്തനംതിട്ട പെരുന്തേനരുവിയിലെ ഡോർമിറ്ററി കം അമിനിറ്റി സെന്റർ - 3 കോടി 22 ലക്ഷം രൂപ;

IV. <u>ആലപ്പുഴ ജില്ല – 06 പ്രധാന പദ്ധതികൾ - മൊത്തം 10 കോടി 84 ലക്ഷം രൂപ</u>

1. ആലപ്പുഴ മെഗാ സർക്യൂട്ട് – തഴപ്പിലെ മൈക്രോ ഡെസ്റ്റിനേഷൻ വികസനം, തണ്ണീർമുക്കത്തെ വഞ്ചിവീടു ടെർമിനൽ, അരൂക്കുറ്റിയിലെ വഞ്ചിവീടു ടെർമിനൽ – ഭരണാനുമതി ലഭിച്ചത് – 12.07.2013- മുതൽ; ഭരണാനുമതി തുക – 05 കോടി 16 ലക്ഷം രൂപ.
2. വഞ്ചിവീടുകളുടെ പാർക്കിംഗ് സാധ്യമാക്കുന്നതിനായി, ആലപ്പുഴയിലെ പമ്പാനദീ തീരത്തെ റോഡ് വികസനം - ഭരണാനുമതി ലഭ്യമായത്: 18.05.2018-ൽ; ഭരണാനുമതി തുക - 97 ലക്ഷം രൂപ;
3. ആലപ്പുഴ പുന്നമട ഫിനിഷിങ് പോയിന്റ് - നടപ്പാതയും ബോട്ട് ജെട്ടിയും - ഭരണാനുമതി ലഭ്യമായത്: 22.06.2017-ൽ; ഭരണാനുമതി തുക: 94 ലക്ഷം രൂപ;
4. ആലപ്പുഴ ഡെസ്റ്റിനേഷൻ ഡെവലൊപ്മെന്റ് - ഭരണാനുമതി ലഭ്യമായത്: 27.12.2018-ൽ; ഭരണാനുമതി തുക: 02 കോടി രൂപ;
5. ആലപ്പുഴ ബോട്ട് ജെട്ടിയുടെ നവീകരണ പ്രവൃത്തി - ഭരണാനുമതി ലഭ്യമായത്: 17.10.2016-ൽ; ഭരണാനുമതി തുക: 17 ലക്ഷം രൂപ;
6. പുരവഞ്ചികളുടെ ചരണപഥ നിരീക്ഷണത്തിനുള്ള പദ്ധതി - ഭരണാനുമതി ലഭ്യമായത്: 28.12.2015-ൽ; ഭരണാനുമതി തുക: 01 കോടി 60 ലക്ഷം രൂപ

V. <u>കോട്ടയം ജില്ല – 10 പ്രധാന പദ്ധതികൾ - മൊത്തം 46 കോടി 22 ലക്ഷം രൂപ</u>

1. കുമരകം നാല്പങ്കിലെ വിനോദസഞ്ചാര അടിസ്ഥാനസൗകര്യ വികസന പദ്ധതി – ഭരണാനുമതി ലഭ്യമായത്: 08.02.2016-ൽ; ഭരണാനുമതി തുക: 09 കോടി 77 ലക്ഷം രൂപ.
2. വിനോദസഞ്ചാരകേന്ദ്രം എന്ന നിലയിൽ കുമരകത്തെ വികസനം - കെ.ടി.ഡി.സി. വാട്ടർസ്കേപ്സ്നുള്ളിലെ പ്രവൃത്തികൾ - (a) അപ്ഗ്രഡേഷൻ ആൻഡ് റെനോവേഷൻ ഓഫ് വാട്ടർസ്കേപ്സ് കുമരകം, (b) റെജുവനേഷൻ ഓഫ് വാട്ടർ ബോഡീസ്, (c) ബോട്ടിംഗ് ആൻഡ് പബ്ലിക് അമിനിറ്റീസ് - ഭരണാനുമതി ലഭ്യമായത്: 12.01.2017- മുതൽ; ഭരണാനുമതി തുക:. മൂന്ന് പദ്ധതികളിലായി മൊത്തം 12 കോടി 69 ലക്ഷം രൂപയുടെ പ്രവൃത്തികൾ;
3. അരുവിക്കുഴി വിനോദസഞ്ചാരകേന്ദ്ര വികസനം - ഭരണാനുമതി ലഭ്യമായത്: 04.08.2011-ൽ; ഭരണാനുമതി തുക: 98.50 ലക്ഷം രൂപ.
4. ഗ്രീൻ ടൂറിസം സർക്യൂട്ട് പദ്ധതി, പാലാ - ഭരണാനുമതി ലഭ്യമായത്: 23.07.2013-ൽ; ഭരണാനുമതി തുക: 08 കോടി 67 ലക്ഷം രൂപ;
5. ലാന്റ്സേക്പിംഗ് ബോട്ട് കനാൽ അറ്റ് കോട്ടയം - ഭരണാനുമതി ലഭ്യമായത്: 01.08.2014-ൽ; ഭരണാനുമതി തുക: 07 കോടി 98 ലക്ഷം രൂപ;
6. ചങ്ങനാശ്ശേരി ബോട്ട് ടെർമിനലിന്റെ സൗന്ദര്യവത്കരണ പദ്ധതി - ഭരണാനുമതി ലഭ്യമായത്: 13.05.2017-ൽ; ഭരണാനുമതി തുക: 99.70 ലക്ഷം രൂപ;

7. കുമരകത്തെ സാംസ്കാരികകേന്ദ്രം - ഭരണാനുമതി ലഭ്യമായത്: 29.05.2018-ൽ; ഭരണാനുമതി തുക: 01 കോടി 16 ലക്ഷം രൂപ;
8. കുമരകത്തെ പാതകളുടെ നിർമാണം - കവണാറ്റിങ്കര- ആറ്റുചിറ പാത, കവണാറ്റിങ്കര- ഗോഗ്നിക്കരി പാത, കവണാറ്റിങ്കര പത്തേക്കർ പാത - ഭരണാനുമതി ലഭ്യമായത്: 04.08.2018- മുതൽ; മൊത്തം 3 പദ്ധതികളിലായി ഭരണാനുമതി തുക: 01 കോടി 29 ലക്ഷം രൂപ;
9. മനക്കച്ചിറ ടൂറിസം വികസന പദ്ധതി- ഭരണാനുമതി ലഭ്യമായത്: 17.03.2019-ൽ; ഭരണാനുമതി തുക: 99.50 ലക്ഷം രൂപ;
10. പുരവഞ്ചികളിലെ മാലിന്യനിർമ്മാർജ്ജനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ- കുമരകം എസ്.ടി.പി-യുടെ ശേഷി വർദ്ധിപ്പിക്കൽ, എസ്.ടി.പി ടാങ്കും ചുറ്റുമതിൽ നിർമാണവും, 12.25 മീറ്റർ നീളത്തിൽ സീവേജ് ബാർജ് നിർമാണം - ഭരണാനുമതി ലഭ്യമായത്: 04.01.2017- മുതൽ; ഭരണാനുമതി തുക: മൊത്തം 3 പദ്ധതികളിലായി ഭരണാനുമതി തുക: 01 കോടി 69 ലക്ഷം രൂപ;

VI. <u>ഇടുക്കി ജില്ല – 13 പ്രധാന പദ്ധതികൾ - മൊത്തം 35 കോടി 74 ലക്ഷം രൂപ</u>

1. ഇടുക്കി അരുവിക്കുഴി (ചക്കുപള്ളം ഒന്നാം ഘട്ടം) വിനോദസഞ്ചാര പദ്ധതി - ഭരണാനുമതി ലഭ്യമായത്: 25.03.2017-ൽ; ഭരണാനുമതി തുക: 4 കോടി 97 ലക്ഷം രൂപ;
2. ഇടുക്കി ഏലപ്പാറ വഴിയോര വിശ്രമകേന്ദ്രം - ഭരണാനുമതി ലഭ്യമായത്: 19.01.2018-ൽ; ഭരണാനുമതി തുക: 97 ലക്ഷം രൂപ;
3. തേക്കടിയിലെ കഫെറ്റീരിയയും വിനോദകേന്ദ്രവും ഉൾപ്പെട്ട ഇക്കോടൂറിസം പദ്ധതി പ്രവൃത്തി - ഭരണാനുമതി ലഭ്യമായത്: 08.03.2018-ൽ; ഭരണാനുമതി തുക: 1 കോടി 27 ലക്ഷം രൂപ;
4. ഇടുക്കി രാമക്കല്മേട് വിനോദസഞ്ചാര പദ്ധതി - ഫേസ് 2 - 1 കോടി 38 ലക്ഷം രൂപ;
5. ഇടുക്കിയിലെ ചെമ്പൻ-കൊലുമ്പൻ സമാധിയുടെ നവീകരണം – ഭരണാനുമതി ലഭിച്ചത്: dated 01.10.2015; ഭരണാനുമതി തുക: 70 ലക്ഷം രൂപ
6. ഇടുക്കിയിലെ യാത്രി നിവാസ് നിർമാണം – ഭരണാനുമതി ലഭിച്ചത്: 02.01.2016-ൽ, ഭരണാനുമതി തുക: 5 കോടി രൂപ;
7. നീലക്കുറിഞ്ഞി സീസൺ 2018-മായി ബന്ധപ്പെട്ട പദ്ധതികൾ – ഭരണാനുമതി ലഭിച്ചത്: 20.06.2018-ൽ, നാല് ഭരണാനുമതികളിലായി മൊത്തം തുക: 02 കോടി 42 ലക്ഷം രൂപ;
8. കെടിഡിസി മൂന്നാർ ടീ കൗണ്ടി നിർമാണം – ഭരണാനുമതി ലഭിച്ചത്: 01.05.2019-ൽ; ഭരണാനുമതി തുക: 07 കോടി 92 ലക്ഷം രൂപ;
9. ഇടുക്കി പാർക്കിന്റെയും ഹിൽ വ്യൂ പാർക്കിന്റെയും അറ്റകുറ്റപ്പണികളും ആധുനീകരണവും - ഭരണാനുമതി ലഭിച്ചത്: 20.03.2018-ൽ; രണ്ടു പദ്ധതികളുടെ മൊത്തം ഭരണാനുമതി തുക ഭരണാനുമതി തുക: 01 കോടി 79 ലക്ഷം രൂപ;
10. ഇടുക്കി ജില്ലയുമായി ബന്ധപ്പെട്ട വിവിധ മാലിന്യ നിർമാർജ്ജന പ്രവൃത്തികൾ - ഭരണാനുമതി ലഭിച്ചത്: 31.07.2014-മുതൽ; ഭരണാനുമതി തുക: 02 കോടി 83 ലക്ഷം രൂപ;

11. വാഗമൺ മൊട്ടക്കുന്നിലെ ടൂറിസം വികസന പ്രവൃത്തികൾ - ഭരണാനുമതി ലഭിച്ചത്: 20.02.2018-ൽ; ഭരണാനുമതി തുക: 99.60 ലക്ഷം രൂപ;
12. ശ്രീനാരായണപുരത്തെ ടൂറിസം വികസന പ്രവർത്തികൾ - ഭരണാനുമതി ലഭിച്ചത്: 20.03.2018-ൽ; ഭരണാനുമതി തുക: 99.59 ലക്ഷം രൂപ;
13. മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ - ഒന്നാം ഘട്ട പ്രവൃത്തികൾ - ഭരണാനുമതി ലഭിച്ചത്: 29.05.2014-ൽ; ഭരണാനുമതി തുക: 4 കോടി 50 ലക്ഷം രൂപ;

VII. <u>എറണാകുളം ജില്ല – 09 പ്രധാന പദ്ധതികൾ - മൊത്തം 38 കോടി 51 ലക്ഷം രൂപ</u>

1. എറണാകുളം കുമ്പളത്തെ നടപ്പാതയും സൗന്ദര്യവത്കരണ വും – ഭരണാനുമതി ലഭ്യമായത്: 29.07.2013; ഭരണാനുമതി തുക: 1 കോടി 49 ലക്ഷം രൂപ;
2. എറണാകുളം ഭൂതത്താന്കെട്ടിലെ ബാക്കി പ്രവൃത്തികൾ - ഭരണാനുമതി ലഭ്യമായത്: 08.08.2017-ൽ; ഭരണാനുമതി തുക'; 2 കോടി 35 ലക്ഷം രൂപ;
3. എറണാകുളം മറൈൻ ഡ്രൈവിലെ കുട്ടികളുടെ പാർക്ക് – ഭരണാനുമതി ലഭ്യമായത്: 26.09.2017-ൽ; ഭരണാനുമതി തുക - 4 കോടി രൂപ;
4. തിരുവാങ്കുളം മൂര്യമംഗലത്തെ ശ്രീ നരസിംഹസ്വാമി ക്ഷേത്രം വക നിലവിലെ കൊട്ടാരത്തിന്റെ നവീകരണ പ്രവർത്തികൾ - ഭരണാനുമതി ലഭ്യമായത്: 09.02.2017-ൽ; ഭരണാനുമതി തുക: 67.89 ലക്ഷം രൂപ;
5. ഫോർട്ട് കൊച്ചിയിലെ നെഹ്റു പാർക്ക് ആൻഡ് ഫുഡ് കോർട്ട് - ഭരണാനുമതി ലഭ്യമായത്: 20.05.2014-ൽ; ഭരണാനുമതി തുക: 04 കോടി 17 ലക്ഷം രൂപ;
6. മുസിരിസ് പൈതൃക പദ്ധതിയിൽ പെടുത്തി അഴീക്കോടും, തിരുവഞ്ചിക്കുളത്തും, പള്ളിപ്പുറം, ഗോതുരുത്ത് എന്നിവിടങ്ങളിൽ ബോട്ട് ജെട്ടികളുടെ നിർമാണം - ഭരണാനുമതി ലഭ്യമായത്: 19.03.2018-ൽ; ഭരണാനുമതി തുക: 02 കോടി 25 ലക്ഷം രൂപ;
7. എറണാകുളം പിറവം കാഞ്ഞിരമറ്റം മില്ലുങ്ങൽ ടൂറിസം വികസന പദ്ധതി – ഭരണാനുമതി ലഭ്യമായത്: 17.06.2017-ൽ; ഭരണാനുമതി തുക 2 കോടി 08 ലക്ഷം രൂപ;
8. കൊച്ചി മുസിരിസ് ബിനാലെ 2016, 18, 20 - ഭരണാനുമതി ലഭ്യമായത്: 2016, 2018, 2020-ൽ; ഭരണാനുമതി തുക 16 കോടി 50 ലക്ഷം രൂപ;
9. കെടിഡിസി ബോൾഗാട്ടി കൊട്ടാരത്തിന്റെയും ദ്വീപ് റിസോർട്ടിന്റെയും അറ്റകുറ്റപ്പണികളും നിലവാരമുയർത്തലും – ഭരണാനുമതി ലഭിച്ചത്: 11.09.2015-ൽ; ഭരണാനുമതി തുക: 05 കോടി രൂപ;

VIII. <u>തൃശൂർ ജില്ല – 08 പ്രധാന പദ്ധതികൾ - മൊത്തം 29 കോടി 32 ലക്ഷം രൂപ</u>

1. തൃശ്ശൂരിലെ തുമ്പൂർമുഴി വിനോദസഞ്ചാര പദ്ധതി - രണ്ടാം ഘട്ടം – ഭരണാനുമതി ലഭ്യമായത്: 25.03.2017-ൽ; ഭരണാനുമതി തുക: 4 കോടി രൂപ;
2. തൃശ്ശൂരിലെ പീച്ചി ഡാമും അതിനോടനുബന്ധിച്ച സസ്യോദ്യാന സൗന്ദര്യവത്കരണവും – 4 കോടി 90 ലക്ഷം രൂപ;
3. തൃശ്ശൂരിലെ ചേപ്പാറ റോക്ക് ഗാർഡൻ പദ്ധതി – 4 കോടി 50 ലക്ഷം രൂപ;

4. കലശമല പ്രകൃതി-സൗഹൃദ ടൂറിസം വികസനം - ഭരണാനുമതി ലഭ്യമായത്: 02.08.2017-ൽ; ഭരണാനുമതി തുക: 01കോടി 99 ലക്ഷം രൂപ;
5. നാട്ടിക ബീച്ച് വികസന പദ്ധതി - ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത്: 12.01.2016-ൽ; ഭരണാനുമതി തുക: 01കോടി രൂപ;
6. ടൂറിസം ഗ്രീൻ കാർപെറ്റ് പദ്ധതിയോടനുബന്ധിച്ചു തൃശ്ശൂരിലെ മുനക്കൽ ബീച്ച്, പൂമല ഡാം, വാഴാനി ഡാം, പീച്ചി ഡാം അറ്റകുറ്റപ്പണികളും സൗന്ദര്യവത്കരണവും - ഭരണാനുമതി ലഭ്യമായത്: 08.12.2016-ൽ; മൊത്തം 4 പദ്ധതികളിലായി ഭരണാനുമതി തുക: 01 കോടി 52 ലക്ഷം രൂപ;
7. മുസിരിസ് പൈതൃക പദ്ധതിയിൽ പെട്ട പട്ടണം, ഹോളിക്രോസ് ഇന്റെർപ്രെറ്റേഷൻ സെന്റർ, കൊടുങ്ങല്ലൂർ ക്ഷേത്രം, സെന്റ് സെബാസ്റ്റ്യൻ ചവിട്ടുനാടകമ്യൂസിയം എന്നിവയുടെ പുനരുദ്ധാരണവും സംരക്ഷണവും - ഭരണാനുമതി ലഭ്യമായത്: 01.10.2018-ൽ; മൊത്തം ഭരണാനുമതി തുക: 09 കോടി 43 ലക്ഷം രൂപ;
8. രാമനിലയം സർക്കാർ അതിഥി മന്ദിര ഹെറിറ്റേജ് ബ്ലോക്കിന്റെ സംരക്ഷണ-നവീകരണ-നിലവാരമുയർത്തൽ പ്രവർത്തികൾ - ഭരണാനുമതി ലഭ്യമായത്: 11.01.2017-ൽ; ഭരണാനുമതി തുക: 01 കോടി 98 ലക്ഷം രൂപ;

IX. <u>പാലക്കാട് ജില്ല – 04 പ്രധാന പദ്ധതികൾ - മൊത്തം 16 കോടി 82 ലക്ഷം രൂപ</u>

1. പാലക്കാട് മംഗലം ഡാമിന്റെ പുനരുജ്ജീവനം - ഭരണാനുമതി ലഭ്യമായത്: 21.06.2017-ൽ; ഭരണാനുമതി തുക: 04 കോടി 76 ലക്ഷം രൂപ;
2. പാലക്കാട് പോത്തുണ്ടി ഡാമിന്റെ പുനരുജ്ജീവനം - ഭരണാനുമതി ലഭ്യമായത്: 26.09.2017-ൽ; ഭരണാനുമതി തുക: 04 കോടി രൂപ;
3. ടൂറിസം ഗ്രീൻ കാർപെറ്റ് പദ്ധതി - ടി പദ്ധതിയോടനുബന്ധിച്ചു പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ, മലമ്പുഴ, വാടിക എന്നിവിടങ്ങളിലെ ഡാമുകളോടനുബന്ധിച്ച പൂന്തോട്ടങ്ങളുടെ അറ്റകുറ്റപ്പണികളും സൗന്ദര്യവത്കരണവും - ഭരണാനുമതി ലഭ്യമായത്: 11.11.2016-ൽ; മൊത്തം 6 പദ്ധതികളിലായി ഭരണാനുമതി തുക: 06 കോടി 06 ലക്ഷം രൂപ;
4. വെള്ളിനേഴി കലാഗ്രാമം - സാംസ്കാരിക സമുച്ചയത്തിന്റെ നിർമാണം - ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത്: 17.06.2017-ൽ; ഭരണാനുമതി തുക: 02 കോടി രൂപ;

X. <u>മലപ്പുറം ജില്ല – 08 പ്രധാന പദ്ധതികൾ - മൊത്തം 12 കോടി 62 ലക്ഷം രൂപ</u>

1. മലപ്പുറം ചമ്രവട്ടത്തെ പുഴയോര സ്നേഹപാത - ഒന്നും രണ്ടും ഘട്ടങ്ങൾ - ഭരണാനുമതി ലഭ്യമായത് – 01/08/2016-മുതൽ; രണ്ടു പദ്ധതികളിലായി മൊത്തം ഭരണാനുമതി തുക: 02 കോടി 36 ലക്ഷം രൂപ;
2. മലപ്പുറം തിരൂരിലെ തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെയും ഗവേഷണകേന്ദ്രത്തിന്റെയും പുനരുജ്ജീവനം - 2 കോടി രൂപ;
3. "കോട്ടക്കുന്ന് - *മലപ്പുറത്തെ ഒരു വളരുന്ന വിനോദസഞ്ചാരകേന്ദ്രം*"; ഭരണാനുമതി ലഭിച്ചത്: 25.05.2015-ൽ; ഭരണാനുമതി തുക: 02 കോടി രൂപ;
4. ചമ്രവട്ടം റിസെർവോയർ പദ്ധതി പ്രദേശത്തെ സാംസ്കാരിക കേന്ദ്ര വികസനം - ഭരണാനുമതി ലഭ്യമായത് – 19/06/2017-ൽ; ഭരണാനുമതി തുക: 01 കോടി 60 ലക്ഷം രൂപ;

5. പൊന്നാനി ബിയ്യം പാലത്തിന്റെ നവീകരണ പ്രവൃത്തികളും പാർക്കുമായി ബന്ധപ്പെട്ട കുട്ടികളുടെ കളിയുപകരണങ്ങളും മറ്റും - ഭരണാനുമതി ലഭ്യമായത് – 30/07/2012-ൽ; മൊത്തം ഭരണാനുമതി തുക: 02 കോടി 73 ലക്ഷം രൂപ;
6. പൂന്താനം സാംസ്കാരികനിലയം - ഭരണാനുമതി ലഭ്യമായത് – 01/10/2015-ൽ; ഭരണാനുമതി തുക: 50 ലക്ഷം രൂപ;
7. തിരൂർ ടൂറിസം പദ്ധതി - ഭരണാനുമതി ലഭ്യമായത് – 22/12/2015-ൽ; ഭരണാനുമതി തുക: 01 കോടി രൂപ;
8. പടിഞ്ഞാറേക്കര ബീച്ചിലെ അടിസ്ഥാനസൗകര്യ നിലവാരമുയർത്തൽ - ഭരണാനുമതി ലഭ്യമായത് – 01/08/2016-ൽ; ഭരണാനുമതി തുക: 43 ലക്ഷം രൂപ;

XI. <u>കോഴിക്കോട് ജില്ല – 14 പ്രധാന പദ്ധതികൾ - മൊത്തം 54 കോടി 64 ലക്ഷം രൂപ</u>

1. കോഴിക്കോട് സൗത്ത് ബീച്ച് - വിനോദസഞ്ചാരികൾക്കുള്ള സൗകര്യവികസനം - ഭരണാനുമതി ലഭിച്ചത്: 15.12.2012-ൽ; ഭരണാനുമതി തുക: 03 കോടി 85 ലക്ഷം രൂപ
2. കോഴിക്കോട്ടെ മിഠായി തെരുവിന്റെ നവീകരണം - പുതുക്കിയ ഭരണാനുമതി ലഭിച്ചത് – 12/10/2017-ൽ; പുതുക്കിയ ഭരണാനുമതി തുക – 6 കോടി 26 ലക്ഷം രൂപ
3. കോഴിക്കോട്ടെ മാനാഞ്ചിറ ചത്വരത്തിന്റെ നവീകരണവും നിലവാരമുയർത്തലും - ഭരണാനുമതി ലഭിച്ചത് – 25/03/2017-ൽ; ഭരണാനുമതി തുക - 1 കോടി 70 ലക്ഷം രൂപ;
4. ഇരിങ്ങൽ സർഗ്ഗാലയ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ് നിർമാണം - രണ്ടാം ഘട്ടം - ഭരണാനുമതി ലഭിച്ചത് – 25/03/2017-ൽ; ഭരണാനുമതി തുക - 9 കോടി 99 ലക്ഷം രൂപ;
5. ഇരിങ്ങൽ സർഗ്ഗാലയ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ് - വേസ്റ്റ് മാനേജ്മന്റ് സിസ്റ്റം, മഴവെള്ള ശുദ്ധീകരണ പ്ലാന്റ്, എക്സ്ട്രാ ലോ-വോൾടേജ് വൈദ്യുതീകരണവുമായി ബന്ധപ്പെട്ട അധിക പ്രവർത്തികൾ - ഭരണാനുമതി ലഭിച്ചത് – 27/01/2018-ൽ; മൊത്തം ഭരണാനുമതി തുക - 1 കോടി 64 ലക്ഷം രൂപ;
6. കോഴിക്കോട്ടെ ബീച്ചിന്റെ സാംസ്കാരിക മണ്ഡല (Cultural Zone) വികസന പദ്ധതി - ഭരണാനുമതി ലഭിച്ചത് – 26/09/2017-ൽ; ഭരണാനുമതി തുക - 4 കോടി രൂപ;
7. തിരുവമ്പാടിയിലെ അരിപ്പാറ വെള്ളച്ചാട്ടവുമായി ബന്ധപ്പെട്ട വികസന പ്രവൃത്തികൾ - ഭരണാനുമതി ലഭിച്ചത് – 21/06/2017-ൽ; ഭരണാനുമതി തുക - 1.92 കോടി രൂപ;
8. കോഴിക്കോട്ടെ വടകര സാൻഡ് ബാങ്ക്സ് വികസനം - ഭരണാനുമതി ലഭിച്ചത് – 13/02/2018-ൽ; ഭരണാനുമതി തുക - 99.36 ലക്ഷം രൂപ;
9. കോഴിക്കോട്ടെ കാപ്പാട് ബീച്ചിന്റെ വികസനം - ഭരണാനുമതി ലഭിച്ചത് – 13/02/2018-ൽ; ഭരണാനുമതി തുക - 99.94 ലക്ഷം രൂപ;
10. പെരുവണ്ണാമൂഴി-കക്കയം ഡാം സൈറ്റ് - വിനോദസഞ്ചാര സൗകര്യ വികസനം - ബാലൻസ് പ്രവൃത്തികൾ - ഭരണാനുമതി ലഭിച്ചത് – 28/09/2017-ൽ; ഭരണാനുമതി തുക - 2 കോടി 51 ലക്ഷം രൂപ;

11. കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിൽ അധിക സമുച്ചയ നിർമാണം - രണ്ടാം ഘട്ടം - ഭരണാനുമതി ലഭിച്ചത് – 09/05/2017-ൽ; ഭരണാനുമതി തുക - 09 കോടി 50 ലക്ഷം രൂപ;
12. കോഴിക്കോട് സർക്കാർ അതിഥി മന്ദിരത്തിൽ അധിക സമുച്ചയ നിർമാണം - മൂന്നാം ഘട്ടം - ഭരണാനുമതി ലഭിച്ചത് – 20/01/2020-ൽ; ഭരണാനുമതി തുക - 07 കോടി 50 ലക്ഷം രൂപ;
13. കോഴിക്കോട് - കാരക്കാട് വാഗ്ഭടാനന്ദ പാർക്കിന്റെ വികസനം - ഭരണാനുമതി ലഭിച്ചത് – 21/08/2019-ൽ; ഭരണാനുമതി തുക - 2 കോടി 80 ലക്ഷം രൂപ;
14. കോഴിക്കോട് നോർത്തിൽ സരോവരം പാർക്കിന്റെ നവീകരണ പ്രവൃത്തികൾ - - ഭരണാനുമതി ലഭിച്ചത് – 20/03/2018-ൽ; ഭരണാനുമതി തുക - 99.95 ലക്ഷം രൂപ;

XII. വയനാട് ജില്ല – 07 പ്രധാന പദ്ധതികൾ - മൊത്തം 11 കോടി 61 ലക്ഷം രൂപ

1. വയനാട്ടെ ചീങ്ങേരിയിലെ റോക്ക് അഡ്വെഞ്ചുർ പദ്ധതി - ഭരണാനുമതി ലഭിച്ചത് – 10/01/2017-ൽ; ഭരണാനുമതി തുക - 01 കോടി 04 ലക്ഷം രൂപ;
2. വയനാട്ടെ കാരാപ്പുഴ ഡാമിന്റെയും പരിസരത്തിന്റെയും വികസനം - മൂന്നാം ഘട്ടം - ഭരണാനുമതി ലഭിച്ചത് – 25/03/2017-ൽ; ഭരണാനുമതി തുക - 04 കോടി രൂപ;
3. ഗ്രീൻ കാർപെറ്റ് പദ്ധതി വഴി വയനാട്ടെ കുറുവ ദ്വീപ്, പൂക്കോട് ദ്വീപ്, കാന്തൻപാറ വെള്ളച്ചാട്ടം എന്നിവിടങ്ങളിലെ അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും - ഭരണാനുമതി ലഭിച്ചത് – 13/02/2018-ൽ; മൊത്തം മൂന്ന് പദ്ധതികളിലായി ഭരണാനുമതി തുക - 02 കോടി 27 ലക്ഷം രൂപ;
4. വയനാട് മാവിലാൻതോട് പഴശ്ശി സ്മാരകം - ലാൻഡ്സ്കേപ്പ് മ്യൂസിയവും ഫെസിലിറ്റേഷൻ സെന്ററും – ഭരണാനുമതി ലഭിച്ചത് 03.12.2018-ൽ; ഭരണാനുമതി തുക - 50.36 ലക്ഷം രൂപ;
5. കാന്തൻപാറ വെള്ളച്ചാട്ടത്തിലേക്കുള്ള റോഡ് നിർമാണ പ്രവൃത്തി - ഭരണാനുമതി ലഭ്യമായത് – 16/03/2017-ൽ; ഭരണാനുമതി തുക - 01 കോടി രൂപ;
6. വയനാട്ടെ മേപ്പാടി -ചെമ്പ്ര റോഡ് പുനരുദ്ധാരണപ്രവർത്തി - ഭരണാനുമതി ലഭ്യമായത് – 15/03/2017-ൽ; ഭരണാനുമതി തുക - 01 കോടി 80 ലക്ഷം രൂപ;
7. കർലാട് തടാകത്തിലെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ - ഭരണാനുമതി ലഭ്യമായത് – 19/10/2016-ൽ; ഭരണാനുമതി തുക - 01 കോടി 02 ലക്ഷം രൂപ;

XIII. കണ്ണൂർ ജില്ല – 14 പ്രധാന പദ്ധതികൾ - മൊത്തം 32 കോടി 73 ലക്ഷം രൂപ

1. തലശ്ശേരി പൈതൃക പദ്ധതി - ഒന്നാം ഘട്ടം – (a) താഴെയങ്ങാടിയിൽ അവതരണ കേന്ദ്രവും പഴയ അഗ്നിശമനടാങ്കിന്റെ സംരക്ഷണവും, (b) ഒരു ഭാഷാമ്യൂസിയം എന്ന നിലയിൽ ഗുണ്ടർട് ബംഗ്ലാവിന്റെ സംരക്ഷണവും പുനരുപയോഗവും, (c) തലശ്ശേരി പിയർ റോഡിന്റെ സംരക്ഷണവും ഫുഡ് സ്ട്രീറ്റിന്റെയും ശില്പ പാർക്കിന്റെയും നിർമാണവും ഭരണാനുമതി ലഭ്യമായത് – 25/03/2017-ൽ; ഭരണാനുമതി തുക: മൊത്തം 04 കോടി 83 ലക്ഷം രൂപയുടെ പ്രവൃത്തികൾ;
2. പാലക്കാട് സ്വാമിമഠം പാർക്കിന്റെ വികസനം - ഭരണാനുമതി ലഭ്യമായത് – 29/10/2018-ൽ; ഭരണാനുമതി തുക - 90 ലക്ഷം രൂപ;
3. ചൊക്ലിയിലെ ബണ്ട് റോഡ് വികസനം - ഭരണാനുമതി ലഭ്യമായത് – 24/02/2018-ൽ; ഭരണാനുമതി തുക - 99 ലക്ഷം രൂപ;

4. കല്യാശ്ശേരി മണ്ഡലത്തിലെ മംഗലശ്ശേരി ബോട്ട് റേസ് പവിലിയൻ - ഭരണാനുമതി ലഭ്യമായത് – 10/12/2016-ൽ; ഭരണാനുമതി തുക - 68.40 ലക്ഷം രൂപ;
5. തലശ്ശേരി ആണ്ടല്ലൂർകാവിലെ തീർത്ഥാടക സൗകര്യ - തെയ്യം പ്രദർശന കേന്ദ്രം - ഭരണാനുമതി ലഭ്യമായത് – 17/06/2017-ൽ; ഭരണാനുമതി തുക - 3.60 കോടി രൂപ;
6. പയ്യാമ്പലം ബീച്ച് സൗന്ദര്യവത്കരണം - ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത് – 25/03/2017-ൽ; ഭരണാനുമതി തുക - 3.50 കോടി രൂപ;
7. ഇരിക്കൂർ പൈതല്മല ടൂറിസം വികസനം - ഭരണാനുമതി ലഭ്യമായത് – 14/12/2016-ൽ; ഭരണാനുമതി തുക - 1.00 കോടി രൂപ;
8. പയ്യന്നൂർ ബാക് വാട്ടർ ടൂറിസം - ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത് – 13/12/2016-ൽ; ഭരണാനുമതി തുക - 1.00 കോടി രൂപ;
9. വളപട്ടണം വെള്ളിക്കീലിൽ മലബാർ മാൻഗ്രോവ്സ് പരിസ്ഥിതി-സൗഹൃദ ടൂറിസം - ഭരണാനുമതി ലഭ്യമായത് – 19/10/2016-ൽ;രണ്ടാം ഘട്ടവും അധിക പ്രവൃത്തികളും – ഭരണാനുമതി തുക : മൊത്തം 01 കോടി 23 ലക്ഷം രൂപ;
10. തലശ്ശേരി ഓവർബറീസ് ഫോളി പാർക്കിന്റെയും സീ വ്യൂ പാർക്കിന്റെയും നവീകരണ പ്രവർത്തികൾ - ഭരണാനുമതി ലഭ്യമായത് – 15/11/2016-ൽ; ഭരണാനുമതി തുക : മൊത്തം 99.68 ലക്ഷം രൂപ;
11. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി - ബോട്ട് ടെർമിനൽ അറ്റ് പറശ്ശിനിക്കടവ് - ഭരണാനുമതി ലഭ്യമായത് – 25/03/2017-ൽ; ഭരണാനുമതി തുക: 04 കോടി 88 ലക്ഷം രൂപ;
12. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി - ബോട്ട് ടെർമിനൽ അറ്റ് പഴയങ്ങാടി - ഭരണാനുമതി ലഭ്യമായത് – 28/03/2017-ൽ; ഭരണാനുമതി തുക: 03 കോടി രൂപ;
13. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി - ബോട്ട് ടെർമിനൽ അറ്റ് മോന്താൽ, കൂത്തുപറമ്പ് - ഭരണാനുമതി ലഭ്യമായത് – 21/10/2017-ൽ; ഭരണാനുമതി തുക: 01 കോടി 11 ലക്ഷം രൂപ;
14. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി - ബോട്ട് ടെർമിനൽ അറ്റ് ന്യൂ മാഹീ, തലശ്ശേരി - ഭരണാനുമതി ലഭ്യമായത് – 12/03/2018-ൽ; ഭരണാനുമതി തുക: 05 കോടി 02 ലക്ഷം രൂപ;

<u>XIV. കാസറഗോഡ് ജില്ല – 06 പ്രധാന പദ്ധതികൾ - മൊത്തം 13 കോടി 73 ലക്ഷം രൂപ</u>

1. ബേക്കൽ വിനോദസഞ്ചാര കേന്ദ്രത്തിലെ പ്രവേശന മാർഗ വികസനവും സൗന്ദര്യവത്കരണവും, അതോടൊപ്പം സ്വീകരണകവാട നിർമാണവും അനുബന്ധ സൗകര്യങ്ങളും - ഭരണാനുമതി ലഭ്യമായത് – 14/03/2017-ൽ; മൊത്തം 02 കോടി 49 ലക്ഷം രൂപയുടെ പ്രവൃത്തികൾ;
2. ബേക്കൽ കോട്ടയിലെ ശബ്ദ-വെളിച്ച വിന്യാസവും ചലനാത്മക ദീപക്കാഴ്ചയും – ഭരണാനുമതി ലഭ്യമായത്: 25.05.2015-ൽ; ഭരണാനുമതി തുക: 04 കോടി രൂപ
3. പാനാർകുളം പാതയോര വിശ്രമസൗകര്യ കേന്ദ്രം – ഭരണാനുമതി ലഭ്യമായത്: 25.10.2019-ൽ; ഭരണാനുമതി തുക: 99.18 ലക്ഷം രൂപ;

4. മലനാട്-നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി - ബോട്ട് ടെർമിനൽ അറ്റ് മാവിലാക്കടപ്പുറം ഭരണാനുമതി ലഭ്യമായത്: 23.10.2017-ൽ; ഭരണാനുമതി തുക: 3 കോടി 27 ലക്ഷം രൂപ;
5. സാങ്കല്പിക സഞ്ചാര വഴികാട്ടി (Virtual ടൂർ ഗൈഡൻസ്) അറ്റ് ബേക്കൽ പദ്ധതി - ഭരണാനുമതി ലഭ്യമായത്: 15.03.2017-ൽ; ഭരണാനുമതി തുക: 50.00 ലക്ഷം രൂപ;
6. ബേക്കൽ ബീച്ച് പാർക്ക് പദ്ധതി - നവീകരണവും അധിക പ്രവൃത്തിയും - ഭരണാനുമതി ലഭ്യമായത്: 23.07.2013-ൽ; മൊത്തം ഭരണാനുമതി തുക: 2.48 കോടി രൂപ;

<u>XV. സംസ്ഥാന വ്യാപകമായി നടപ്പാക്കിയ പദ്ധതികൾ - 02 പ്രധാന പദ്ധതികൾ - മൊത്തം 13 കോടി 79 ലക്ഷം രൂപ</u>

1. ബാരിയർ-ഫ്രീ കേരള ടൂറിസം പദ്ധതി - ഭരണാനുമതി ലഭ്യമായത്: 26.09.2017-ൽ; മൊത്തം ഭരണാനുമതി തുക:. 09 കോടി രൂപ;
2. പ്രൊജക്റ്റ് ഗ്രീൻ ഗ്രാസ് -ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യനിർമാർജന പദ്ധതി- ഒന്നാം ഘട്ടം - ഭരണാനുമതി ലഭ്യമായത്: 29.10.2019-ൽ; മൊത്തം ഭരണാനുമതി തുക:. 4 കോടി 79 ലക്ഷം രൂപ;

സെക്ഷൻ ഓഫീസർ